**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2442** — 08-05-2017 -ൽ മറുപടിക്ക്

**വരൾച്ച നേരിടുന്നതിന് കേന്ദ്ര സഹായം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.അബ്ദുൽ ഹമീദ് പി** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | വരൾച്ചാ ദുരിതാശ്വാസപദ്ധതികൾ എന്തെങ്കിലും പ്രഖ്യാപിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ: | എ) | കേന്ദ്ര/സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. അതു പ്രകാരം എല്ലാ ജില്ലകളിലും വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഇത് കൂടാതെ മാനദണ്ഡങ്ങൾക്ക് വിധേയമായി കുടിവെള്ള വിതരണം, കൃഷി-വിളനാശത്തിന് ആശ്വാസ സഹായം എന്നീ ഇനങ്ങൾക്ക് എല്ലാ ജില്ലകൾക്കും മൃഗ സംരക്ഷണ മേഖലയിൽ വെറ്റിനറി ക്യാമ്പ് തുടങ്ങുന്നതിന് പാലക്കാട് ജില്ലയ്ക്കും ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 31/05/2017 വരെ മോറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. |
| ബി) | കേരളത്തിലെ വരൾച്ചയെ നേരിടുന്നതിന് എന്തെങ്കിലും കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ? | ബി) | സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ 75% കേന്ദ്ര സർക്കാർ നൽകുന്ന ഫണ്ട് ആണ്. ഇത് കൂടാതെ, കേരളവും വരൾച്ച ബാധിതമാണെന്ന് അംഗീകരിച്ചു. വരൾച്ച സംബന്ധിച്ച് മെമ്മോറാണ്ടം തയ്യാറാക്കുകയും അത് കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ചെയ്തതിനെത്തുടർന്ന് കേന്ദ്ര സംഘം സംസ്ഥാനത്തെ വരൾച്ചാ സ്ഥിതിഗതികൾ വിലയിരുത്തുന്നതിന് സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഏപ്രിൽ 19 മുതൽ 21 വരെ സന്ദർശനം നടത്തിയിരുന്നു. അധിക ധനസഹായം ഇക്കാര്യത്തിൽ ലഭ്യമായിട്ടില്ല. കേന്ദ്ര സർക്കാർ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി 50 തൊഴിൽ ദിനങ്ങൾ അധികമായി കേരളത്തിന് അനുവദിച്ചു. |

സെക്ഷൻ ഓഫീസർ